ആണെങ്കിൽ ശാസ്ത്രീ പരീക്ഷ പാസ്സായിരിക്കണം. കൂടാതെ സംഗീതത്തിൽ നല്ല അഭിരുചിയും വാസനയും സ്വരമാധുര്യവും ഉണ്ടായിരിക്കണം. സംഗീതത്തിന്റെ മൗലികമായ ഭാഗങ്ങളെപ്പറ്റി പ്രാഥമികമായ അറിവും പരിശീലനവും വേണം.

(ഡി) ഇപ്പോൾ പഠിക്കുന്ന കുട്ടികളുടെ ജാതി തിരിച്ചുള്ള പട്ടിക:

ബ്രാഹ്മണർ	73	ക്രിസ്ത്യാനികൾ	4
നായന്മാർ	52	ഈഴവർ	19
പുലയർ	4	വണ്ണാൻ	2
ഗണകൻ	2	കമ്മാളർ	2
നാടാർ	1	നമ്പീശൻ	1
വായ്പർ	1	വെള്ളാളർ	2
ചെട്ടി	1		

അദ്ധ്യാപകർ:

ബ്രാഹ്മണർ	14
ഈഴവർ	1
കമ്മാളർ	1

അയിത്താചാരം.

* 264. [19] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 മാർച്ചിനുശേഷം അയിത്താചാരത്തിനെതിരായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) എവിടെനിന്നെല്ലാം;

(സി) അവയെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1955 മാർച്ചിനുശേഷം അയിത്താചാരത്തിനെതിരായി നാല പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) മോനപ്പള്ളി, പെരുമ്പിള്ളി, തൃശ്ശൂർ, തോന്നയ്ക്കൽ എന്നീ സ്ഥലങ്ങളിൽനിന്നും.

(സി) അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: പരാതികളുടെ സ്വഭാവം എന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: മോനപ്പള്ളിൽ, ഒരു ഹരിജനെ ബാർബർ ഷാപ്പിൽ പ്രവേശിപ്പിച്ചില്ലെന്നുള്ളതാണ് പരാതി. പെരുമ്പിള്ളിൽ ഒരു ഹരിജനെ ക്ഷേത്രത്തിനുള്ളിൽനിന്നും ഇറക്കിവിട്ടുവെന്നാണ്. തൃശ്ശൂരിൽനിന്നും പരാതി കിട്ടിയിട്ടുള്ളത്, ഒരു അലക്കുകാരൻ, ഒരു ഹരിജന്റെ വസ്ത്രം അലക്കാൻ വാങ്ങിയില്ലെന്നാണ്. ചായപ്പീടികയിൽനിന്നും ചായ കൊടുത്തില്ലെന്നാണ് തോന്നയ്ക്കൽനിന്നും വന്നിട്ടുള്ള പരാതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. ശിവൻശാസ്ത്രി: ബാർബർഷാപ്പിൽ പ്രവേശിപ്പിച്ചില്ലെന്ന പരാതിയുള്ളതായി പറഞ്ഞു. ബാർബറും പട്ടികജാതിയിൽപെട്ടതല്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ബാർബർ മറവ ഹിന്ദുവഗ്ഗത്തിൽപ്പെട്ടതാണ്.

ശ്രീ. എ. താണുപിള്ള: ഈ പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിന്റെ ഫലമെന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ബാർബർഷാപ്പിലും, ചായപ്പീടികയിലും പ്രവേശിപ്പിക്കാത്തിരുന്ന കേസ്സുകളും ചാർജ്ജുചെയ്തിട്ടുണ്ട്. അലക്കുകേസ്സിനെപ്പറ്റി അന്വേഷണം നടത്തിവരികയാണ്. ക്ഷേത്രത്തിനുള്ളിൽവച്ച് ബീഡിവലിച്ചതുകൊണ്ടാണ ഇറക്കിവിട്ടതെന്ന കാരണത്താൽ ആ കേസ്സിൽ നടപടിയൊന്നും നടത്തിയിട്ടില്ല.

ശ്രീ. പി. ഒ. മക്കോസ്: പട്ടികജാതിക്കാർ പരസ്പരം അയിത്താചാരം പുലർത്തുന്നുണ്ടെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പട്ടികജാതിയിലും അങ്ങനെ ആചരിക്കുന്നവർ കാണും.

ശ്രീ. പി. നാരായണൻപോറ്റി: ക്ഷേത്രത്തിനകത്തുവച്ച് ബീഡിവലിച്ചതിനു പുറത്താക്കിയതു് അയിത്താചാരമാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെയാണ വ്യാഖ്യാനിച്ചതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ക്ഷേത്രത്തിനകത്തുവച്ച് 'കഞ്ചാവു' (ശിവമൂലി) വലിക്കുന്നില്ലേ?

Mr. SPEAKER: Question is disallowed.

സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിന്റെ സഹായധനം.

* 265. [20] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിൽനിന്നും സ്റ്റേറ്റ് സോഷ്യൽ അഡൈസറി ബോർഡു മുഖാന്തിരം ഏതു സ്ഥാപനങ്ങൾക്കു് ഈ സാമ്പത്തികവർഷത്തിൽ സഹായധനം നൽകിയിട്ടുണ്ടു്;

(ബി) അതിൽ ഏറ്റവും കൂടിയതും, കുറഞ്ഞതുമായ തുകയും, സ്ഥാപനത്തിന്റെ പേരും പ്രസ്താവിക്കാമോ;

(സി) അത് പട്ടികജാതിക്കാർ നടത്തുന്ന ഏതു സ്ഥാപനങ്ങൾക്കു് ഗ്രാന്റു നൽകിയിട്ടുണ്ടു്;

(ഡി) ഗവണ്മെന്റുദ്യോഗസ്ഥന്മാരോ, നാമമാത്രമായ ചില കമ്മിറ്റി കളുടെ പേരിൽ ഗവണ്മെന്റുദ്യോഗസ്ഥന്മാർ നടത്തുന്നതോ ആയ ഏതു സ്ഥാപനങ്ങൾക്കു് സഹായധനം നൽകിയിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly